**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1175** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>മേൽപ്പാലങ്ങളുടെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** 2026- 2027 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് ടോക്കൺ തുക വകയിരുത്തിയിട്ടുള്ള നാഷണൽ ഹൈവേയിലെ കാര്യവട്ടം, പോങ്ങുമ്മൂട് എന്നിവിടങ്ങളിൽ പ്രസ്തുതമേൽപ്പാലങ്ങളുടെ നിർമ്മാണം തുടങ്ങുന്നതിന് ആവശ്യമായ തുക ഈ സാമ്പത്തിക വർഷം അനുവദിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ കാര്യവട്ടം, പോങ്ങുമ്മൂട് എന്നീ സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത പ ദ്ധതികളുടെ പ്രൊപ്പോസലുകളൊന്നും രൂപികരിച്ചിട്ടില്ല. തിരുവനന്തപുരം മെട്രോ പദ്ധതി പ്രകാരം കാര്യവട്ടം, പോങ്ങുംമൂട് എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ വിഭാവനം ചെയ്തിട്ടില്ല.

**(ബി)** തിരുവനന്തപുരത്ത് ആരംഭിക്കാനിരിക്കുന്ന മെട്രോ പദ്ധതികൂടി കണക്കിലെടുത്തുകൊണ്ടുള്ള മേൽപ്പാലമാണോ ഈ സ്ഥലങ്ങളിൽ വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** യാത്രക്കാർ നിരന്തരം ദുരിതമനുഭവിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്കുള്ള പ്രവേശനകവാടമായ ഉള്ളൂർ ജംഗ്ഷനിലെ മേൽപ്പാലനിർമ്മാണ പദ്ധതിയുടെ തൽസ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** തിരുവനന്തപുരം മെട്രോ പദ്ധതിയുടെ പുതുക്കിയ അലൈൻമെന്റിന് സംസ്ഥാന സർക്കാർ 2025 നവംബറിൽ അനുമതി നൽകിയിട്ടുണ്ട്. മെട്രോ പദ്ധതിയുടെ പുതുക്കിയ അലൈൻമെന്റ് പ്രകാരം ഉള്ളൂർ മേൽപ്പാലത്തിന്റെ രൂപരേഖയിൽ മാറ്റം വരുത്തേണ്ടതുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) അംഗീകരിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**